REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 13-08-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- ഉരുൾപൊട്ടൽ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട വയനാടിന് ദീർഘകാല പുനരധിവാസ പദ്ധതിയാണ് വേണ്ടതെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.
- ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച അഞ്ചംഗ വിദഗ്ധസംഘം പരിശോധന ആരംഭിച്ചു.
- മത്സ്യത്തൊഴിലാളികളുടെ വ്യാപാരവും സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിന് മത്സ്യബന്ധന കപ്പലുകളിൽ ഒരു ലക്ഷം ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുമെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻസിംഗ്.
- ഇന്ന് ലോക അവയവ ദാന ദിനം.
- പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത് ന്യൂഡൽഹിയിൽ തിരിച്ചെത്തിയ മലയാളി താരം PR ശ്രീജേഷ് ഉൾപ്പെടെ ഇന്ത്യൻ ഹോക്കി താരങ്ങൾക്ക് ഉജ്ജ്വല വരവേൽപ്പ്.

## വാർത്തകൾ വിശദമായി

ഉരുൾപൊട്ടൽ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട വയനാടിന് ദീർഘകാല പുനരധിവാസ പദ്ധതിയാണ് വേണ്ടതെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് കൃത്യമായ പദ്ധതി ഇതിന് തയ്യാറാക്കണമെന്ന് തൃശൂരിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവെ ഗവർണർ നിർദ്ദേശിച്ചു. ആവശ്യമായ എല്ലാ സഹകരണവും കേന്ദ്രം നൽകും. വയനാടിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി പേരുടെ സഹായമാണ് ഒഴുകിയെത്തുന്നത്. ദുരന്ത

മുഖത്താണ് നാം നിൽക്കുന്നതെന്നും  ശരി തെറ്റുകൾ വിലയിരുത്തേണ്ട സാഹചര്യമല്ല ഇതെന്നും ഗവർണർ പറഞ്ഞു.

✪✪✪

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച ദേശീയ ഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിൽ അഞ്ചംഗ വിദഗ്ധസംഘം പരിശോധന ആരംഭിച്ചു. ദുരന്തപ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലേയും അനുബന്ധ മേഖലകളിലേയും അപകടസാധ്യതകൾ സംഘം വിലയിരുത്തും. ദുരന്തം എങ്ങനെയാവാം നടന്നതെന്നും ഉരുൾപൊട്ടലിൽ എന്തെല്ലാം പ്രതിഭാസങ്ങളാണു സംഭവിച്ചതെന്നും സംഘം വിലയിരുത്തും. വിദഗ്ധപരിശോധനക്കുശേഷം റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിക്കും.

പ്രദേശത്തെ അനുയോജ്യമായ ഭൂവിനിയോഗവും വിദഗ്ധസംഘം ശുപാർശ ചെയ്യും.

✪✪✪

മേപ്പാടിയിൽ ഇന്നലെ രാത്രി അതിതീവ്രമായ മഴ പെയ്തതിനെ തുടർന്ന് വീണ്ടും ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ചെമ്പ്ര മലയുടെ താഴ്-വാര പ്രദേശങ്ങളിൽ താമസിക്കുന്ന 200 ഓളം കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിച്ചത്. കോട്ടനാട് സ്കൂളിലും ചുണ്ടേൽ സ്കൂളിലുമാണ് ക്യാമ്പുകൾ ആരംഭിച്ചത്. പുലർച്ചയോടെ മഴക്ക് ശമനമായി.

✪✪✪

വയനാട് ഉരുൾ പൊട്ടലിൽ കാണാതായവർക്കുവേണ്ടി മലപ്പുറം ജില്ലയിലെ ചാലിയാറിലെ വിവിധ ഭാഗങ്ങളിൽ തെരച്ചിൽ ആരംഭിച്ചു. മലപ്പുറം മുണ്ടേരി തലപ്പാലിയിൽ ഒരു മൃതദേഹ അവശിഷ്ടം കണ്ടെത്തിയതായാണ് റിപ്പോർട്ട്.

✪✪✪

സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലുണ്ടാകുന്ന ഉരുൾപൊട്ടലിന് ശാശ്വത പരിഹാരം കാണണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആവശ്യപ്പെട്ടു. ഉരുൾപൊട്ടലുണ്ടായ കോഴിക്കോട്ടെ വിലങ്ങാടിന് പ്രത്യേക പാക്കേജ് വേണമെന്നാവശ്യപ്പെട്ട്  മുഖ്യമന്ത്രിയെ ചേമ്പറിൽ കണ്ട അദ്ദേഹം  കത്ത് നൽകി.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഹർ ഘർ തിരംഗ ബൈക്ക് റാലി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഫ്ലാഗ് ഓഫ് ചെയ്തു.

75-ാം സ്വാതന്ത്ര്യദിനത്തിൽ തിരംഗയെ വീട്ടിലെത്തിക്കാനും ഉയർത്താനും ആളുകളെ പ്രോത്സാഹിപ്പിക്കാനാണ് ഹർ ഘർ തിരംഗ കാമ്പയിൻ ആരംഭിച്ചതെന്ന് ചടങ്ങിനെ അഭിസംബോധന ചെയ്ത ധൻഖർ പറഞ്ഞു. കോടിക്കണക്കിന് ആളുകൾ അവരുടെ വീടുകളിൽ ദേശീയ പതാക ഉയർത്തുന്ന പ്രസ്ഥാനമായി ഇത് മാറിയെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ സ്വാതന്ത്ര്യവും അഭിമാനവും വികസിത് ഭാരതത്തോടു പ്രതിബദ്ധതയും ഹർഘർ തിരംഗ പ്രതിഫലിപ്പിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

കേന്ദ്ര മന്ത്രിമാരായ ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, കിരൺ റിജിജു എന്നിവരും ചടങ്ങിൽ പങ്കെടുത്തു. റാലി മേജർ ധ്യാൻ ചന്ദ് ദേശീയ സ്റ്റേഡിയത്തിൽ സമാപിച്ചു .

✪✪✪

മത്സ്യത്തൊഴിലാളികളുടെ വ്യാപാരവും സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിന് മത്സ്യബന്ധന കപ്പലുകളിൽ ഒരു ലക്ഷം ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുമെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻസിംഗ് പറഞ്ഞു. ഫിഷറീസ് മാനേജ്മെന്റും വികസനവും മെച്ചപ്പെടുത്തുന്നതിൽ ബഹിരാകാശ സാങ്കേതിക വിദ്യകൾ നിർണായ പങ്കുവഹിക്കുന്നുണ്ടെന്ന് ന്യൂഡൽഹിയിൽ ഫിഷറീസ് മേഖലയിലെ ബഹിരാകാശ സാങ്കേതിക വിദ്യകളുടെ പ്രയോഗം സംബന്ധിച്ച ദേശീയ സെമിനാറിൽ അദ്ദേഹം പറഞ്ഞു.

രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ മത്സ്യബന്ധന മേഖലയ്ക്ക് സുപ്രധാന സ്ഥാനമുണ്ടെന്നും മത്സ്യം ഉൾപ്പെടെ 60,000 കോടി രൂപയുടെ സമുദ്രോത്പന്നങ്ങളാണ് രാജ്യം പ്രതിവർഷം കയറ്റുമതി ചെയ്യുന്നതെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ രാജ്യം ഊർജ്ജരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുമെന്ന് കേന്ദ്ര മന്ത്രി ഹർദ്ദീപ് സിംഗ് പുരി പറഞ്ഞു. ലോകത്തിലെ നാലാമത്തെ വലിയ റിഫൈനറായ ഇന്ത്യ ആത്മവിശ്വാസത്തോടെയാണ് കുതിച്ചു കൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി. 2050 ഓടെ രാജ്യത്തെ ഊർജ്ജ ആവശ്യം ഇരട്ടിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അദ്ദേഹം അറിയിച്ചു. ഊർജ്ജ രംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിനാണ് കേന്ദ്രഗവൺമെന്റ് കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതെന്നും ഹർദ്ദീപ് സിംഗ് പുരി പറഞ്ഞു.

✪✪✪

ഈ വർഷം ഏപ്രിൽ ഒന്നുമുതൽ ഓഗസ്റ്റ് പതിനൊന്നുവരെ രാജ്യത്തെ പ്രത്യക്ഷ നികുതി വരുമാനം മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ചു 23.99 ശതമാനം വർധിച്ച് 8.13 ലക്ഷം കോടി രൂപയിൽ എത്തിയതായി ആദായനികുതി വകുപ്പ് അറിയിച്ചു. കഴിഞ്ഞവർഷം 6.55 ലക്ഷം കോടിരൂപയുടെ വരുമാനമാണ് ലഭിച്ചത്.

✪✪✪

ഇന്ന് ലോക അവയവ ദാന ദിനം. അവയവ ദാനത്തിലൂടെ മറ്റൊരു ജീവന് തുണയാകാൻ കഴിയുമെന്ന് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്താനാണ് എല്ലാ വർഷവും ഓഗസ്റ്റ് 13 ലോക അവയവ ദാന ദിനമായി ആചരിക്കുന്നത്. ജീവിതത്തിൽ പലപ്പോഴും രണ്ടാമതൊരു അവസരം കൂടി നൽകാൻ അവയവ ദാനം സഹായിക്കുന്നുണ്ട്. ഹൃദയം, കരൾ, വൃക്കകൾ, ശ്വാസകോശം, പാൻക്രിയാസ് തുടങ്ങിയ സുപ്രധാന അവയവങ്ങൾ തകരാറിലാകുന്നവർക്ക് അവ മാറ്റി വെക്കാനും അവയവദാനത്തിലൂടെ അവസരമൊരുക്കുന്നു.

✪✪✪

പാരിസ് ഒളിംപിക്സ് ഹോക്കിയിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി താരങ്ങൾ ഡൽഹിയിൽ തിരിച്ചെത്തി. മലയാളി താരം പി.ആർ. ശ്രീജേഷ് ഉൾപ്പടെ സംഘത്തിന് വിമാനത്താവളത്തിൽ വൻ

സ്വീകരണമാണ് ലഭിച്ചത്. നാളെ ഇന്ത്യൻ താരങ്ങൾക്ക് ഹോക്കി ഫെഡറേഷൻ ഔദ്യോഗിക സ്വീകരണം നൽകും.

താരങ്ങളുടെ കുടുംബങ്ങളും ഹോക്കി ടീമിനെ സ്വീകരിക്കാൻ വിമാനത്താവളത്തിലെത്തിയിരുന്നു. ടീം അംഗം ഹോക്കിയിലെ വിജയം രാജ്യം ആഘോഷിക്കുകയാണെന്ന് സുമിത് വാൽമികി മാധ്യമങ്ങളോടു പറഞ്ഞു. ഒളിംപിക്സിൽ തകർപ്പൻ പ്രകടനമാണു പി.ആർ. ശ്രീജേഷ് നടത്തിയതെന്നും, അദ്ദേഹം കാരണമാണു വെങ്കലം ലഭിച്ചതെന്നും സുമിത് വാൽമികി വ്യക്തമാക്കി.

✪✪✪

ഒളിമ്പിക്സിൽ 50 കിലോ ഗുസ്തിയിൽ അയോഗ്യത കല്പിക്കപ്പെട്ട വിനേഷ് ഫോഗട്ടിന്റെ അപ്പീലിൽ ഇന്ന് വിധി പറഞ്ഞേക്കും. ഇന്ത്യൻ സമയം രാത്രി ഒൻപതരയ്ക്ക് മുമ്പ് വിധി പ്രഖ്യാപിക്കുമെന്നാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അറിയിച്ചത്. അനുവദനീയമായതിലും 100 ഗ്രാം കൂടുതൽ ശരീരഭാരം കണ്ടെത്തിയതിനെ തുടർന്നാണ് വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയത്. പ്രമുഖ അഭിഭാഷകൻ ഹരീഷ് സാൽവെയാണ് വിനേഷിന് വേണ്ടി ഹാജരായത്.

✪✪✪

പ്രാദേശിക ക്രിക്കറ്റ് കളിക്കാർക്ക് അവരുടെ ക്രിക്കറ്റ് ഹീറോകൾക്കൊപ്പം കളിക്കാൻ അവസരമൊരുക്കുന്ന ബിഗ് ക്രിക്കറ്റ് ലീഗ് BCL ന് അടുത്തമാസം ലക്നൗവിൽ തുടക്കമാകും. ദേശീയ ബ്രോഡ്കാസ്റ്ററായ പ്രസാർ ഭാരതിയുമായി ചേർന്നൊരുക്കുന്ന ഫ്രാഞ്ചൈസി അധിഷ്ഠിത ട്വന്റി 20 മത്സരമാണ് BCL .

BCL മത്സരങ്ങൾ DD സ്പോർട്ട്സിലൂടെ തത്സമയം സംപ്രേക്ഷണം ചെയ്യും.

✪✪✪

ഡ്യൂറന്റ് കപ്പ് ഫുട്ബോളിൽ വൈകിട്ട് നാലിന് ഷില്ലോങ്ങിൽ മുഹമ്മദൻസ് ഇന്ത്യൻ നേവിയെ നേരിടും.രണ്ടാം മത്സരത്തിൽ രാത്രി ഏഴിന് കൊൽക്കത്തയിൽ രംഗദാജീദ് യുണൈറ്റഡ്- നേപ്പാൾ ആർമിയെ നേരിടും.

✪✪✪

ആരോഗ്യപരിപാലനത്തിൽ മികവു പുലർത്തുന്ന കേരളത്തെ കേന്ദ്രം തുടർച്ചയായി അവഗണിക്കുകയാണെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. പത്തു വർഷമായി BJP യാണ് കേന്ദ്രം  ഭരിക്കുന്നതെങ്കിലും എയിംസ് അനുവദിക്കുന്ന കാര്യം കടലാസിൽ തന്നെ നിൽക്കുകയാണെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. 2011 ൽ സംസ്ഥാനം എയിംസിന് ആവശ്യമുന്നയിച്ച ശേഷം രാജ്യത്ത് 18 എയിംസുകൾ അനുവദിച്ചെങ്കിലും ഇക്കാര്യത്തിൽ കേരളത്തെ തുടർച്ചയായി അവഗണിക്കുകയാണെന്നും മന്ത്രി കുറ്റപ്പെടുത്തി.

✪✪✪

കൊച്ചിയിൽ മാവോയിസ്റ്റ് നേതാവ് മുരളി കണ്ണമ്പിള്ളിയുടെ മകന്റെ വീട്ടിൽ  NIA യുടെ നേതൃത്വത്തിൽ റെയ്ഡ് . ഹൈദരാബാദിലെ ഒരു കേസുമായി ബന്ധപ്പെട്ടാണ് റെയ്ഡ് നടക്കുന്നതെന്നാണ് റിപ്പോർട്ട്.  NIA യുടെ എട്ടുപേരടങ്ങുന്ന ഉദ്യോഗസ്ഥരാണ് റെയിഡിനായി എത്തിയിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യത.  അടുത്ത നാല് ദിവസം കൂടി ശക്തമായ  മഴ ലഭിയ്ക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന  മുന്നറിയിപ്പ് . ഇടിമിന്നലോട് കൂടിയ മഴയ്ക്ക് ഈ ദിവസങ്ങളിൽ സാധ്യതയുണ്ട്.  ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്നും ഓറഞ്ച് ജാഗ്രതയാണ് .  ആലപ്പുഴ, കാസർഗോഡ് ഒഴികെ പത്ത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു .

വെള്ളിയാഴ്ച വരെ  കേരളാ ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

വഖഫ്  ഭേദഗതി ബിൽ സംബന്ധിച്ച സംസ്ഥാന വഖഫ് ബോർഡിന്റെ നിലപാട് സംയുക്ത പാർലമെന്റ് സമിതിയെ അറിയിക്കുമെന്ന് സംസ്ഥാന വഖഫ് ബോർഡ് ചെയർമാൻ M.K സക്കീർ  പറഞ്ഞു. നിലവിൽ വഖഫ് നിയമം ഭേദഗതി ചെയ്യേണ്ട സാഹചര്യമില്ലെന്നും ഭേദഗതി ബിൽ അവതരിപ്പിക്കും മുൻപ് സംസ്ഥാന

ഗവൺമെന്റിനോടോ വഖഫ് ബോർഡിനോടോ അഭിപ്രായം തേടിയിട്ടില്ലെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

ഭേദഗതി വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുന്നതിനെ ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

വയനാട് മണിയൻകോട് പുഴയിൽ കഴിഞ്ഞദിവസം കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി. മണിയൻകോട് ഗ്രാമത്തവയൽ സ്വദേശി രാധാകൃഷ്ണൻ എന്ന ഉണ്ണിയാണ് മരിച്ചത്.

✪✪✪

മലപ്പുറം മേൽമുറി മച്ചിങ്ങലിൽ ലോറിയും ബൈക്കും കൂട്ടിയിടിച്ച് യുവാവ് മരിച്ചു. കോഡൂർ ഉർദുനഗർ സ്വദേശി ബാദുഷയാണ് മരിച്ചത്.

✪✪✪

ഡോ. സി വി രഞ്ജിത്ത് സംഗീതസംവിധാനവും സംവിധാനവും നിർവഹിച്ച വന്ദേമാതരം -എ ഫീൽ ഓഫ് പാട്രിയോട്ടിസം- എന്ന ഗാനം കണ്ണൂരിൽ ചീഫ് സെക്രട്ടറി ഡോ. V. വേണു പ്രകാശനം ചെയ്തു. ഏറ്റവും കൂടുതൽ നഗരങ്ങളിൽ നിന്ന് ചിത്രീകരിക്കപ്പെട്ട ആദ്യത്തെ ദേശഭക്തിഗാനം എന്ന ലോക റെക്കോർഡ് ആണ് ഡോക്ടർ സി വി രഞ്ജിത്ത് സ്വന്തമാക്കിയിരിക്കുന്നത്. ഇന്ത്യയിലെ 20 സംസ്ഥാനങ്ങളും 33 നഗരങ്ങളും ഉൾപ്പെടുന്ന 40 ലൊക്കേഷനുകളിലാണ് വന്ദേമാതരം ഗാനം ചിത്രീകരിച്ചത്. വേൾഡ് റെക്കോർഡ് യൂണിയനാണ് ഗാനമൊരുക്കിയ ഡോക്ടർ സി വി രഞ്ജിത്തിനെ റെക്കോർഡിനായി തിരഞ്ഞെടുത്തത്.

✪✪✪